# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**
**(2018-19)**

**THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2018-19)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2018-19)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-19)

252/2018.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

# സബ്ജക്റ്റ് കമ്മിറ്റി-VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2016-2018)

**ഘടന**

ചെയർമാൻ:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്, "

ശ്രീ. തോമസ് ചാണ്ടി, "

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

# അവതാരിക

2018-2019 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 14-നു രാവിലെ 10.30-നും ഉച്ചയ്ക്കുശേഷം 2.30 നുമുള്ള യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി - VII.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ട് ചെയ്തത് - 1293,76,46,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

## തൊഴിലും നൈപുണ്യവും വകുപ്പ്

2230-01-001-99— ഭരണവും നടത്തിപ്പും

വിഹിതം : 6,48,10,000 രൂപ (പദ്ധതിയേതരം)

1. ഈ ശീർഷകത്തിൽ ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചെലവ്, ഔദ്യോഗിക ഭാഷാപ്രയോഗം, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ, ഭരണവും നടത്തിപ്പും- വെള്ളക്കരം [05(1)] ഇനത്തിൽ 3,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 8,00,000 രൂപയും, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2,00,000 രൂപയും, ഔദ്യോഗിക ഭാഷാ പ്രയോഗം (26) ഇനത്തിൽ 1,00,000 രൂപയും, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3,00,000 രൂപയും, ഇന്ധനം (45) ഇനത്തിൽ 3,00,000 രൂപയും, ഉൾപ്പടെ ആകെ 20,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 46,59,000 രൂപ (പദ്ധതിയേതരം)

2. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും, ഇന്ധനം (45) ഇനത്തിൽ 1,00,000 രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 3,79,38,000 രൂപ (പദ്ധതിയേതരം)

3. ഈ ശീർഷകത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫീസിന്റെയും പ്ലാന്റേഷൻ ഓഫീസുകളിലെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, വാടക, കരം, നികുതി എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2,00,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2,00,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5,00,000 രൂപയും ഉൾപ്പെടെ ആകെ 9,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-99—ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 18,08,80,000 രൂപ (പദ്ധതിയേതരം)

4. 101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചാർജ്ജസ് എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 7,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-96-10—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം - സംഭാവന

വിഹിതം : 4,80,00,000 രൂപ (പദ്ധതിയേതരം)

5. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം 2017-18-ലെ പെൻഷൻ കുടിശ്ശികയും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 79,20,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-94-10—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) - സംഭാവന

വിഹിതം : 3,00,00,000 രൂപ (പദ്ധതിയേതരം)

6. മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുക യാണെങ്കിൽ അവർക്കോ അവരുടെ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്ന വകയിൽ 2017-18-ലെ കുടിശ്ശിക ഉൾപ്പെടെ 2018-19-ലെ ചെലവുകൾക്കായി

ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-92-10—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതി - സംഭാവന

വിഹിതം : 2,00,00,000 രൂപ (പദ്ധതിയേതരം)

7. 2017-18 ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും, 2018-19-ലെ പെൻഷൻ വിതരണത്തിനുള്ള തുകയും ഉൾപ്പെടെ അധിക തുക ആവശ്യമാണെന്ന കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 11,88,77,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

8. മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്ഷേമപദ്ധതിക്കായി 2017-18 വരെ സർക്കാർ വിഹിതമായി ലഭിക്കേണ്ട കുടിശ്ശികയും 2018-19-ലെ വിഹിതവും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7,86,02,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 80,00,000 രൂപ (പദ്ധതിയേതരം)

9. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കു 2018-19 സാമ്പത്തിക വർഷത്തേക്കു എക്സ്-ഗ്രേഷ്യ ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-86-10 —കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും - സംഭാവന

വിഹിതം : 90,00,000 രൂപ (പദ്ധതിയേതരം)

(10) തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ 2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19 ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 76,59,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കു തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

11. കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18-വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കുടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 4,86,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-73-10—കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി - അംശദാനം- സംഭാവന

വിഹിതം : 1,15,00,000 രൂപ (പദ്ധതിയേതരം)

12. 2017-18-ലെ പെൻഷൻ കുടിശ്ശികയ്ക്കും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 4,29,42,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-72-10 —കേരള കർഷക തൊഴിലാളി ക്ഷേമബോർഡ് - അംശദാനം സംഭാവന

വിഹിതം : 6,87,00,000 രൂപ (പദ്ധതിയേതരം)

13. മുൻ വർഷങ്ങളിലെ മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക, 2018-19-ലെ മാച്ചിംഗ് ഗ്രാന്റ് എന്നിവ സർക്കാരിൽ നിന്നും ലഭിക്കേണ്ടതിനാൽ, ഈ ശീർഷകത്തിൽ 37,69,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം - സംഭാവന

വിഹിതം : 50,40,000 രൂപ (പദ്ധതിയേതരം)

14. 2017-18-ലെ പെൻഷൻ കടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 15,82,48,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് - സംഭാവന

വിഹിതം : 2,00,00,000 രൂപ (പദ്ധതിയേതരം)

15. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2017-18 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കടിശ്ശികയ്ക്കായി ഈ ശീർഷകത്തിൽ 32,40,65,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന

വിഹിതം : 20,00,000 രൂപ (പദ്ധതിയേതരം)

16. 2018-19-ലെ ഭരണ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 54,99,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-57-10— കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന

വിഹിതം : 2,25,000 രൂപ (പദ്ധതിയേതരം)

17. കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2018-19-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 7,93,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-51— സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

18. സംസ്ഥാനത്തെ എഴുത്താശാൻ-ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കുള്ള ഈ ക്ഷേമ പെൻഷൻ പദ്ധതിയിൽ 2018-19-ലെ പെൻഷൻ വിതരണത്തിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 17,31,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-50-10—കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി - സംഭാവന

വിഹിതം : 13,00,000 രൂപ (പദ്ധതിയേതരം)

19. സർക്കാർ നൽകുവാനുള്ള അംശദായ കുടിശ്ശികയും 2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും ഉൾപ്പെടെ കൂടുതൽ തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 1,52,46,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35-10—കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി - സംഭാവന

വിഹിതം : 75,00,000 രൂപ (പദ്ധതിയേതരം)

20. സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് 2017-18-ലെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അധിക തുക ആവശ്യമായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 7,62,85,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-10—ഒഡേപെക്

വിഹിതം : 50,00,000 രൂപ (പദ്ധതി)

21. ഒഡേപെകിനായി 2018-19-ൽ അനുവദിച്ച തുക പരിശീലന പദ്ധതികൾക്കും റിക്രൂട്ട്മെന്റിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-92— മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 50,00,000 രൂപ (പദ്ധതി)

22. മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരണത്തിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 7,16,82,000 രൂപ (പദ്ധതിയേതരം)

23. ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അവധി യാത്രാനുകൂല്യം [04 (4) ] ഇനത്തിൽ 2,13,000 രൂപയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കൽ [45] ഇനത്തിൽ 50,000 രൂപ ഉൾപ്പെടെ ഈ ശീർഷകത്തിൽ 2,63,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 27,51,000 രൂപ (പദ്ധതിയേതരം)

24. സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ വൈദ്യുത ചെലവ് [05(02)] ഇനത്തിൽ 17,000 രൂപ അധികമായി ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 17,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

വിഹിതം : 28,00,000 രൂപ (പദ്ധതി)

25. ആസൂത്രണ നിരീക്ഷണ വിഭാഗത്തിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും 2018-19 വർഷത്തെ പദ്ധതി ചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

26. നൈപുണ്യ വികാസത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ, വിവിധ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കൗശൽ കേന്ദ്രയുടെ പ്രവർത്തനം, KASE - ന്റെ ഭരണചെലവുകൾ എന്നിവയ്ക്ക് തുക ആവശ്യമായതിനാൽ 17,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-93—ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ

വിഹിതം : 77,00,000 രൂപ (പദ്ധതി)

27. ചാക്ക ഐ.ടി.ഐ. വളപ്പിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രേഡ് ടെസ്റ്റ് വിഭാഗത്തിന് പുതിയ കെട്ടിടനിർമ്മാണം, കമ്പ്യൂട്ടർ അധിഷ്ഠിത ഇ-സ്റ്റേറ്റ്, ട്രേഡ് സർട്ടിഫിക്കറ്റിനായി പശ്ചാത്തല സൗകര്യങ്ങളും സോഫ്റ്റ് വെയറുകളും സജ്ജീകരിക്കൽ, ട്രേഡ് ടെസ്റ്റ് വിംഗിന് ആവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, മികച്ച നെറ്റ് വർക്കിംഗ് സംവിധാനം, ട്രേഡ് ടെസ്റ്റിനാവശ്യമായ ക്വസ്റ്റ്യൻ പേപ്പറുകൾ, ഉത്തരക്കടലാസുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള വാഹനം വാങ്ങൽ, ഓൺലൈൻ ട്രേഡ് ടെസ്റ്റിനാവശ്യമായ ചെലവ് വഹിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 161,13,68,000 രൂപ (പദ്ധതിയേതരം)

28. വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 2,00,00,000 രൂപയും ടെലഫോൺ ചെലവ് [05 (03)] ഇനത്തിൽ 1,00,000 രൂപയും ജനറൽ സ്റ്റൈപ്പന്റ് [12] ഇനത്തിൽ 15,00,000 രൂപയും പി.ആന്റ് എസ്.എസ്. [28] ഇനത്തിൽ 20,00,000 രൂപയും മറ്റിനങ്ങൾ [34(3)] ഇനത്തിൽ 50,00,000 രൂപയും ഉൾപ്പെടെ 2,86,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 2,81,86,000 രൂപ (പദ്ധതിയേതരം)

29. തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി ടൂർ ടി.എ. [04(1)] ഇനത്തിൽ 1,25,000 രൂപയും ട്രാൻഫർ ടി.എ. [04(2)] ഇനത്തിൽ 33,000 രൂപയും എൽ.റ്റി.സി. [04(4)] ഇനത്തിൽ 28,000 രൂപയും സ്റ്റൈപന്റ് (12) ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് [34(02)] ഇനത്തിൽ 69,000 രൂപയും ഉൾപ്പെടെ 2,80,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-87—ഐ.ടി.ഐ.-കളുടെ നവീകരണം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

30. വകുപ്പിന് കീഴിലെ ഐ.ടി.ഐ-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം അഫിലിയേഷൻ/ റീ-അഫിലിയേഷൻ എന്നിവയ്ക്ക് വേണ്ടിയുള്ള യന്ത്രോപകരണങ്ങളുടെ സംഭരണം, വർക്ക് ഷോപ്പ്/ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വൈദ്യുതീകരണം, റീവയറിംഗ്, ഐ.ടി ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-80—പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

31. 2018-19 സാമ്പത്തികവർഷത്തിലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പുതിയ ഐ.ടി.ഐ.-കളുടെ ഉപകരണ സംഭരണത്തിന് തുക ആവശ്യമായതിനാൽ 2018-19 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 20,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 83,82,000 രൂപ (പദ്ധതിയേതരം)

32. വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 40,000 രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 12,000 രൂപയും ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 7,000 രൂപയും ഉൾപ്പെടെ ആകെ 59,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ

വിഹിതം : 50,00,000 (പദ്ധതി)

33. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-72—വനിത ഐ.ടി.ഐ.-കൾ മെച്ചപ്പെടുത്തൽ

വിഹിതം : ഇല്ല (പദ്ധതി)

34. വകുപ്പിന് കീഴിലെ അഞ്ച് രണ്ടാം നിര വനിത ഐ.ടി.ഐ കളുടെ പദവി ഉയർത്തുന്നതുമായി ബന്ധപ്പെട്ട ഉപകരണ സംഭരണത്തിന് അനുവദിച്ച തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ 5,60,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-68—പരസ്യം/പബ്ലിസിറ്റി

വിഹിതം : 1,10,00,000 രൂപ (പദ്ധതി)

35. തൊഴിൽ വകുപ്പിന്റെ പരമപ്രധാനമായ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും തൊഴിൽ പരിശീലന അവബോധം സൃഷ്ടിക്കുന്നതിനായി തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ധ്യ മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6,90,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-65-01—സ്റ്റേറ്റ് സ്കിൽ ഡെവലപ്പ്മെന്റ് മിഷൻ കേരള

വിഹിതം : 23,75,50,000 രൂപ (പദ്ധതി)

36. കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്പ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസ യജ്ഞ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2018-19 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 6,24,50,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-62:—ഐ.ടി.ഐ-കൾ മെച്ചപ്പെടുത്തൽ

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

37. സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കുഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി.കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ-കൾ ആക്കി മാറ്റാൻ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നതിൽ ബി.റ്റി.സി. കൊല്ലത്തിന് പകരം കൊല്ലം ഐ.ടി.ഐ എന്നാണ് ബഡ്ജറ്റിൽ വന്നിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത് ബി.റ്റി.സി കൊല്ലം എന്നാക്കണമെന്നും ഐ.ടി.ഐ-കളുടെ നിലവാരമുയർത്തുന്ന പ്രവർത്തനങ്ങൾക്കായിട്ട് 2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികമായി 16,00,00,000 രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-61:—വിദേശരാജ്യങ്ങളുമായുള്ള സാങ്കേതികവിദ്യ കൈമാറ്റ പരിപാടി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

38. സർക്കാർ ഐ.ടി.ഐ-കളിലെ വിവിധ ട്രേഡുകളിലെ മികച്ച 100 ട്രെയിനികൾക്ക് (50 ആൺകുട്ടികൾക്കും, 50 പെൺകുട്ടികൾക്കും) വിദേശരാജ്യത്ത് 4 ആഴ്ചത്തെ ട്രെയിനിംഗ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99:—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം - 5,11,52,000 രൂപ (പദ്ധതിയേതരം)

39. ദേശീയ തൊഴിലഭ്യസന സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികൾക്ക് സ്റ്റൈപന്റ് കൊടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക ലഭ്യമാകാത്തതിനാൽ ഈ ശീർഷകത്തിൽ 1,96,65,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-98:—തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പദ്ധതി)

40. തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തലിന്റെ ഭാഗമായി പഠനാനന്തര പരിശീലനം, ഓഫീസ് പുനരുദ്ധാരണം, ഫർണിച്ചറുകൾ സജ്ജമാക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്യുക, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സജ്ജമാക്കുക, വൈദ്യുതീകരണം, ജില്ലാ ഓഫീസുകളെ ഐ.എസ്.ഒ-സർട്ടിഫിക്കേഷൻ നേടുന്നതിനായി സജ്ജീകരിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിലേക്ക് 6,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതി നടത്തിപ്പിനായി ഈ ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-85:—ഐ.ടി.ഐ. കളുടെ നവീകരണം

വിഹിതം : 35,50,00,000 രൂപ (പദ്ധതി)

41. വകുപ്പിന് കീഴിലെ ഐ.ടി.ഐ. കളിലെ വർക്ക്ഷോപ്പ് / കെട്ടിടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, വൈദ്യുതീകരണം, റീ-വയറിംഗ് തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-190-95:—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : 38,00,00,000 രൂപ (പദ്ധതി)

42. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ രണ്ടാംഘട്ട നിർമ്മാണം, പുതിയ കൗശൽ കേന്ദ്ര സ്ഥാപിക്കുന്നതിന്, വേൾഡ് സ്കിൽ ലൈസിയം, ഏവിയേഷൻ അക്കാദമി എന്നിവയ്ക്ക് ഇക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 55,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-800-96:—വനിത ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ

വിഹിതം : 2,40,00,000 രൂപ (പദ്ധതി)

43. വകുപ്പിന് കീഴിലെ അഞ്ച് രണ്ടാം നിര വനിത ഐ.ടി.ഐ.കളുടെ പദവി ഉയർത്തുന്നതുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ 3,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4250-00-800-95:—പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

44. 2018-19 സാമ്പത്തികവർഷത്തിലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പുതിയ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

ജൈവവൈവിധ്യ ക്യാമ്പസ്

45. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഹരിത മിഷൻ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ശുചിത്വ മിഷന്റെ സഹകരണത്തോടെ സൗരോർജ്ജ പ്ലാന്റ്, വിന്റ്മിൽ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ, ബയോവേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ ലഭ്യമാക്കി ഐ.ടി.ഐ-കളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്കായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഉല്പാദന കേന്ദ്രങ്ങൾ

46. 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഐ.ടി.ഐ-കളിലെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് ട്രെയിനികൾക്ക് പരിശീലനത്തോടൊപ്പം

സമ്പാദ്യം എന്ന വിധത്തിൽ വിവിധ ട്രേഡുകളിൽ തൊഴിലധിഷ്ഠിതമായ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ട്രെയിനികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അവരിൽ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി, കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് ഗ്രേഡിംഗ് നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്ക് അനുമതി നൽകണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഫ് ക്യാമ്പസ് പ്രോഗ്രാം

47. 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിലെ നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായി ഇൻസ്ട്രക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വിജ്ഞാനം പരിഷ്കരിക്കുന്നതിന് വേണ്ടി കോഴിക്കോട് (വനിത) ഐ.ടി.ഐ-യിൽ ലഭ്യമായ സ്ഥലത്ത് വകുപ്പിന്റെ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സർവ്വീസ് ശീർഷകത്തിൽ 90,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം

48. പ്രവാസികളായ ഇന്ത്യാക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് അവരുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുവാൻ 2018-19 സാമ്പത്തിക വർഷത്തിൽ യു.എ.ഇ.-യുടെ സഹകരണത്തോടെ ഒരു അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം യു.എ.ഇ.-യിൽ തുടങ്ങുന്നതിന് ടി വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ സർവ്വീസ് ശീർഷകത്തിൽ 75,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-001-99 :—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 57,66,82,000 രൂപ (പദ്ധതിയേതരം)

49. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04 (1)] ഇനത്തിൽ 10,00,000 രൂപയും സ്ഥലമാറ്റ ബത്ത [04 (2)] ഇനത്തിൽ 2,00,000 രൂപയും അവധി യാത്രാനുകൂല്യം [04 (4)] ഇനത്തിൽ 5,00,000 രൂപയും വൈദ്യുത ചെലവ് [05 (2)] ഇനത്തിൽ 5,00,000 രൂപയും വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 2,50,000 രൂപയും വിവര സാങ്കേതിക വിദ്യ [99] ഇനത്തിൽ 10,00,000 രൂപയും ഉൾപ്പെടെ ആകെ 34,50,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-97:—ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 40,94,000 രൂപ (പദ്ധതിയേതരം)

50. ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത (04(1)) ഇനത്തിൽ 14,000 രൂപയും, സ്ഥലമാറ്റ ബത്ത (04(2)) ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം (04(4)) ഇനത്തിൽ 47,000 രൂപയും ഉൾപ്പെടെ ആകെ 69,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-93:—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)

വിഹിതം : 55,00,000 രൂപ (പദ്ധതി)

51. കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 2018-19-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2,05,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-91:—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ / ഉപേക്ഷിക്കപ്പെട്ടവർ / വേർപിരിഞ്ഞവർ / അവിവാഹിതർ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

വിഹിതം : 8,60,00,000 രൂപ (പദ്ധതി)

52. ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കു പുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർ വായ്പ നൽകുന്നതിനും ഉത്തരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം

തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 4,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-89:—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം : 79,51,000 രൂപ (പദ്ധതിയേതരം)

53. ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ മറ്റു ചെലവുകൾ - മറ്റിനം (34 (03)) ഇനത്തിൽ 3,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-97:—കൈവല്യ പദ്ധതിക്കു കീഴിൽ വായ്പകൾ.

വിഹിതം : 55,00,000 രൂപ (പദ്ധതി)

54. ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതിവഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2018-19 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,85,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-96:—അവിവാഹിതകളായ അമ്മമാർ, അവിവാഹിതകളായ സ്ത്രീകൾ/വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ/ തൊഴിൽ രഹിതരായ വിധവകൾ തുടങ്ങിയ രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ പദ്ധതി. (ശരണ്യ)

വിഹിതം : 8,60,00,000 രൂപ (പദ്ധതി)

55. ശരണ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്നതിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,80,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

2230-03-101-66-36:—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം - 3,00,00,000 രൂപ (പദ്ധതി)

56. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും ILSM-ന്റെ (KILE CAMPUS) അടിസ്ഥാനനിർമ്മാണ പുരോഗതിക്കായി സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും ടി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,48,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-66—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം : 25,34,000 രൂപ (പദ്ധതിയേതരം)

57. ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കും കൂടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,54,800 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 86,12,000 രൂപ (പദ്ധതിയേതരം)

58. വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി വിവരസാങ്കേതിക വിദ്യ (99) എന്ന ഇനത്തിൽ 4,95,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-95:— വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 91,82,000 രൂപ (പദ്ധതിയേതരം)

59. വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വിവരസാങ്കേതികവിദ്യ [99] എന്ന ശീർഷകത്തിൽ 3,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91:—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 78,18,000 രൂപ (പദ്ധതിയേതരം)

60. തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള ഓഫീസ് കാർ ഉപയോഗ യോഗ്യമല്ലാത്തതിനാൽ നിരവധി കേസുകൾ പെൻഡിംഗിലാവുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി സ്ഥാപനത്തിന് പുതിയ കാർ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-89:—ലേബർ കോടതി, കണ്ണൂർ

വിഹിതം : 72,20,000 രൂപ

61. ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും [21(2)] എന്ന ഇനത്തിൽ 5,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86:—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം - 84,01,000 രൂപ (പദ്ധതിയേതരം)

62. വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർവാഹനങ്ങൾ [21] ഇനത്തിൽ 8,00,000 രൂപയും വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 9,73,000 രൂപയും വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 1,66,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1,23,000 രൂപയും ഉൾപ്പെടെ ആകെ 20,62,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85:—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 26,000 രൂപ (പദ്ധതിയേതരം)

63. വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് എന്ന സ്ഥാപനത്തിലേക്ക് വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 2,74,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-80:—വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം

വിഹിതം : 1,10,48,000 രൂപ (പദ്ധതിയേതരം)

64. വ്യാവസായിക ട്രിബ്യൂണലുകൾ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1,50,000 രൂപയും ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 20,000 രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 15,00,000 രൂപയും വാടക, കരം, നികുതി[06] ഇനത്തിൽ 20,00,000 രൂപയും ഉൾപ്പെടെ 36,70,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനകാര്യ (നോഡൽ -ബി) വകുപ്പ്

4250-00-800-99:—നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 141,00,00,000 (പദ്ധതി)

65. നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഒരു കോടി രൂപയായി ഏഴു വർഷം മുമ്പാണ് പരിഷ്കരിച്ചത്. എന്നാൽ ഈ ഏഴു വർഷത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പ് നാല് പ്രാവശ്യം ഷെഡ്യൂൾ പരിഷ്കരിച്ചിട്ടുള്ളതിനാലും നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിലും നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിലേക്ക് 2018-19 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക വളരെ കുറവാണെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 141,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 6727,19,18,000 രൂപ

ചാർജ്ജ് ചെയ്തത് : 17,26,000 രൂപ

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

2210-01-102-98:—ഡിസ്പെൻസറികൾ

വിഹിതം : 177,97,39,000 രൂപ (പദ്ധതിയേതരം)

66. ഡിസ്പെൻസറികളിൽ 2018-19 സാമ്പത്തികവർഷത്തിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന

മെഡിക്കൽ ഓഫീസർമാർക്ക് ശമ്പളം നൽകുന്നതിനായി കൺസോളിഡേറ്റഡ് പേ (02(4)) ഇനത്തിൽ 2,50,00,000 രൂപയും 2018-19-ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാധനസാമഗ്രികൾ (24) ഇനത്തിൽ 3,00,00,000 രൂപയും ഉൾപ്പെടെ ആകെ 5,50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96:—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 64,09,52,000 രൂപ (പദ്ധതിയേതരം)

67. ഇ. എസ്. ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ് (04) ഇനത്തിൽ 3,00,00,000 രൂപയും സ്പെഷ്യാലിറ്റി/ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 10,00,00,000 രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 20,00,00,000 രൂപയും സംരക്ഷണവും അറ്റകുറ്റപണികളും (08) ഇനത്തിൽ 25,00,000 രൂപയും വൈദ്യസുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ചെലവ് (12) ഇനത്തിൽ 2,00,00,000 രൂപയും ഉൾപ്പെടെ 35,25,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് : 194,87,95,000

ചാർജ്ജ് ചെയ്തത് : ഇല്ല

### കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

2801-80-101-99-33:—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

68. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡിയിൽ 2018-19 വർഷത്തിൽ തുടരുന്നതിന് 768,24,00,000/- രൂപയും കൂടാതെ 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2018-19-ൽ തുടരുന്നതിന് 80,00,000 രൂപയും ഉൾപ്പെടെ 769,04,00,000 രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-92:—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 52,40,00,000 രൂപ (പദ്ധതിയേതരം)

69. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2016-17-ലും 2017-18-ലുമായി ലഭിക്കേണ്ട ആകെ 104,80,00,000/- രൂപയിൽ 52,40,00,000/- രൂപയുടെ ബഡ്ജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും 2017-18-ൽ ലഭിക്കേണ്ട ബാക്കി തുകയായ 22,40,00,000 രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 74,80,00,000/- രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-99:—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS)

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

70. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- രൂപ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തിയ സോളാർ, LED തെരുവുവിളക്കുകൾ തുടങ്ങിയ 10 പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6,93,48,627/- രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4801-80-101-98:—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

71. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതിക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7,82,00,000/- രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

72. 2 MW ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലസേചന പദ്ധതി സ്ഥാപിക്കുന്നതിനും NABARD (RIDF) ലോണായും സംസ്ഥാന വിഹിതമായും വിവിധ ചെറുകിട വൈദ്യുത പദ്ധതികളും സോളാർ പദ്ധതികളും നടപ്പിലാക്കാനുമായി ആകെ 110,86,50,000/- രൂപ ആവശ്യപ്പെട്ടതിൽ 2016-17-ൽ അനുവദിച്ച 3,61,40,000 രൂപ 2017-18-ൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ചിട്ടുള്ളതല്ലാതെ പുതുക്കിയ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ New Service head അനുവദിച്ച് 39,50,00,000/- രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശീർഷകം പുനഃസ്ഥാപിക്കുന്നതിന്

73. 2017-18 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

(1) RGGVY സംസ്ഥാന വിഹിതമായി (പഴയ ശീർഷകം - 2801-80-101-90) 2,44,00,000 രൂപ

(2) പദ്ധതി 2018 ജൂണിൽ പൂർത്തീകരിക്കേണ്ടതിനാൽ DDUGY സംസ്ഥാനവിഹിതം - മുട്ടത്തറ- (പഴയ ശീർഷകം - 2801-80-101-87) പ്ലാൻ ആയി 48,30,00,000 രൂപ

(3) പദ്ധതി ഡിസംബർ 2018-ൽ പൂർത്തീകരിക്കേണ്ടതിനാൽ IPDS സംസ്ഥാനവിഹിതം - (പഴയ ശീർഷകം - 2801-80-101-86) (പ്ലാൻ) ആയി 459,21,00,000 രൂപ

(4) തിരുവനന്തപുരം മുട്ടത്തറയിൽ 110 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി 13-02-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (MS) T/2015 PD പ്രകാരം 45,76,00,000 രൂപ അനുവദിച്ചതിൽ 3,62,81,000 രൂപ മാത്രമാണ് 2015-16 സാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളതെന്നും 2018-19 സാമ്പത്തിക വർഷത്തിൽ പഴയ ശീർഷകം 4801-80-101-99-മുട്ടത്തറ സബ്സ്റ്റേഷൻ എന്ന ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് 41,04,00,000 രൂപ.

## എനർജി മാനേജ് മെന്റ് സെന്റർ, കേരള

2810-00-800-93:—എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം

വിഹിതം : 91,36,000 (പദ്ധതിയേതരം)

74. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ 2,41,39,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2018 ഫെബ്രുവരി 20.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി - VII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.